ദേശാഭിമാനി

24 April 2017

# മീൻപിടിത്തകേന്ദ്രങ്ങളുടെ വിവര സമാഹാരവുമായി സിഎംഎഫ്ആർഐ

**കൊച്ചി** > രാജ്യത്തെ മീൻപിടിത്ത കേന്ദ്രങ്ങളുടെ വിവര സമാഹാരം സിഎംഎഫ്ആർഐ വികസിപ്പിച്ചു. വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിപ്പിച്ച ഡാറ്റാബേസിൽ മീൻപിടിത്ത കേന്ദ്രങ്ങളുടെയും അനുവദിക്കപ്പെട്ട ഭൗപരിധിയുടെയും ഭൂമിശാസ്ത്ര വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇന്ത്യയിലെ 1278 മീൻപിടുത്ത കേന്ദ്രങ്ങളും അവയുമായി ബന്ധപ്പെട്ട സമുദ്രപരിധിയുടെയും വിവരങ്ങളും മീൻപിടുത്ത യാനങ്ങൾ സഞ്ചരിക്കുന്ന വഴികളും ഇതിൽ ലഭ്യമാണ്.

എപ്പോഴൊക്കെ ഏതൊക്കെ കടൽതീരങ്ങളിൽ മീൻപിടിത്തം നടക്കുന്നുണ്ടെന്നും മത്സ്യത്തൊഴിലാളികൾ എത്രദൂരം കടലിൽ പോകുന്നുണ്ടെന്നും ഇതുവഴി അറിയാം. മീൻപിടിക്കാൻ പോകുന്ന മേഖലയും ലാൻഡിങ് സെന്ററുകളും കൃത്യമായുള്ളതുകൊണ്ട് കടലിൽ സുരക്ഷാസംവിധാനം ഒരുക്കാനും മത്സ്യത്തൊഴിലാളികളുടെ ജീവന് കാവലേർപ്പെടുത്താനും നാവികസേനയ്ക്കും തീര സംരക്ഷണ സേനയ്ക്കും കഴിയും. മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് തടസ്സമില്ലാതെ മറ്റ് വികസന പ്രവർത്തനത്തിന് സ്ഥലം കണ്ടെത്താനും ഇത് പ്രയോജനപ്പെടുത്താം.

മംഗലാപുരം ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ പി ദിനേശ് ബാബുവിന്റെ നേതൃത്വത്തിൽ 22 ശാസ്ത്രജ്ഞരും 85 ജീവനക്കാരും ചേർന്നാണ് ഡാറ്റാബേസ് തയ്യാറാക്കിയത്.

ഇത് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ ദക്ഷിണ നാവിക കേന്ദ്രം മേധാവി അഡ്മിറൽ എ ആർ കാർവേക്ക് കൈമാറി.